പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 860 05.02.2020-ലെ മറുപടിയ്ക്ക്

**കോതമംഗലം മുനിസിപ്പാലിറ്റിയുടെ സ്ഥലം തിരികെ നൽകാൻ നടപടികൾ**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 07.09.2013-ലെ GO(Rt) 4927/2013/RD ഉത്തരവ് പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ കൈവശം പാർക്കിംഗ് ഏരിയയും മറ്റുമായി ഉണ്ടായിരുന്ന എഴുപത്തിയഞ്ച് സെന്റ് സ്ഥലം വനം വകുപ്പിന് കൈമാറിയിട്ടുള്ളത് തിരിച്ച് മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിട്ടുള്ള നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ബി) | വനം-വകുപ്പിന്റെ അധീനതയിലെ 75 സെന്റ് സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകിയ ഉത്തരവ് പിൻവലിച്ചുകൊണ്ട് 09.09.2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവും പ്രസ്തുത ഉത്തരവ് ശരിവച്ചുകൊണ്ട് 23.08.2017-ൽ ചേർന്ന മന്ത്രി സഭായോഗതീരുമാനവും<br>പുനഃപരിശോധിച്ച് പ്രസ്തുത സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകികൊണ്ടുള്ള ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടി സ്ഥലം 1917-ൽ രാജഭരണകാലത്ത് തിരുവിതാംകൂർ മഹാറാണി ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്ലാൻറേഷനിൽ നിന്ന് വെട്ടി ശേഖരിക്കുന്ന തടി വില്പന നടത്തുന്നതിന് വേണ്ടിയുള്ള sale Depot ആയി പ്രവർത്തിക്കുന്നതിന് വനംവകുപ്പിന് നൽകിയിട്ടുള്ളതാണ്. ടി സ്ഥലം 1917 മുതൽ വനം വകുപ്പിന്റെ ഡിപ്പോ സ്ഥലമായി |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നതാണ്.<br>ആകെ 17.97 ഏക്കർ സ്ഥലം ടി കാലയളവ് മുതൽ വനം വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതിൽ, 12.27 ഏക്കർ സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങളായ ആശുപത്രി, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, ട്രഷറി, സ്കൂൾ, മാർക്കറ്റ്, വണ്ടിപ്പേട്ട, റവന്യൂഭവൻ, മുനിസിപ്പാലിറ്റിയുടെ കെട്ടിടം, വില്ലേജ് ഓഫീസ്, കെ.എസ്.ഇ.ബി ഓഫീസ്, ബി.എസ്.എൻ.എൽ ഓഫീസ്, മുനിസിപ്പാലിറ്റിയുടെ മുന്നിലൂടെ കടന്നുപോകുന്നതും ബൈപാസുമായി ബന്ധിക്കുന്ന ലിങ്ക്റോഡിൻറെ വീതികൂട്ടൽ തുടങ്ങിയ പൊതു ആവശ്യങ്ങൾക്കായി വിവിധ കാലയളവിൽ 1980-ന് മുമ്പ് വിട്ടു നൽകിയിട്ടുള്ളതാണ്.<br>07.09.2013-ലെ സർക്കാർ ഉത്തരവിനെതിരെ ഹെഡ് ലോഡ് വർക്കേഴ്സ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 3930/14 ഫയൽ ചെയ്തതിന്റെ അടിസ്ഥാന കാരണം ഡിപ്പോ ഇവിടെ നിന്ന് മാറ്റിക്കഴിഞ്ഞാൽ അനേകം പേരുടെ തൊഴിൽ സാധ്യതകൾ നഷ്ടമാകും എന്ന് ഭയന്നാണ്. 28.05.2014-ൽ ടി ഹർജിയിൽ ഉണ്ടായിട്ടുള്ള വിധിക്കെതിരെ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തു. ടി കേസിൽ 02.08.2016-ൽ ഉണ്ടായിട്ടുള്ള വിധിയിൽ, നഗരസഭയുടെ ആവശ്യം സാധാരണ ആവശ്യമാണെന്നും പ്രത്യേക വികസന പദ്ധതികൾ ഒന്നും തന്നെ ഇല്ലായെന്നും ആയതുകൊണ്ട് 07.09.2013-ലെ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്നും ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണൽ പരാമർശിച്ചിരുന്നു. തുടർന്ന് 07.09.2013-ൽ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചുകൊണ്ടും ടി വനഭൂമി വനംവകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ടും 09.09.2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ നഗരസഭ |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32752/2016 നമ്പർ കേസിൽ, 23.01.2017-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ, മുനിസിപ്പാലിറ്റിയുടെ ഭാഗം കേട്ടിരുന്നില്ല എന്നൊരു പോരായ്മ ചൂണ്ടിക്കാണിച്ചുകൊണ്ട് കോടതി, സർക്കാരിനോട് ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ ഫയൽ ചെയ്ത മേൽ കേസിന്മേലുള്ള 23.01.2017 തീയതിയിലെ കോടതിവിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകിക്കൊണ്ട് 07.09.2013-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) 4927/13/റവന്യൂ റദ്ദ് ചെയ്തുകൊണ്ട് 07.09.2017 തീയതിയിൽ സർക്കാർ ഉത്തരവ് G.O(Rt)-38641/17/RD നമ്പർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ടി സ്ഥലം 04.11.2017 തീയതിയിലെ G.O(P)-9/17/F&WLD നമ്പർ വിജ്ഞാപനത്തിലൂടെ, കേരള വനനിയമത്തിലെ സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 07.09.2017 തീയതിയിലെ G.O(Rt)-3864/17/RD ഉത്തരവിനെതിരെ മുനിസിപ്പാലിറ്റി ബഹു.ഹൈക്കോടതിയിൽ WP(C)-38342/17 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | കോതമംഗലം ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത എഴുപത്തിയഞ്ച് സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ടി സ്ഥലം 04.11.2017 തീയതിയിലെ ജി.ഒ.(പി) 9/17/വനം വിജ്ഞാപനത്തിലൂടെ കേരള വനനിയമത്തിലെ സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. മാത്രവുമല്ല വനം വകുപ്പിൻറെ അധീനതയിലായിരുന്ന ടി സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടുനൽകിക്കൊണ്ട് 07.09.2013 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. ആർ.റ്റി 4927/13 റവന്യൂ റദ്ദ് ചെയ്ത് 07.09.2017 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി) 3864/17) ആർ.ഡി. നമ്പർ ഉത്തരവിനെതിരെ കോതമംഗലം മുനിസിപ്പാലിറ്റി, ബഹു. ഹൈക്കോടതിയിൽ ഡബ്ലിയു.പി.(സി) 38342/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ കോടതി തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാണ്. ടി സ്ഥലത്തിന് 1980 ലെ കേന്ദ്ര വന(സംരക്ഷണ) നിയമം ബാധകമാകുന്നതുമാണ്. ആകയാൽ, ടി 75 സെൻറ് സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടു നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ